(സി) മൃഗസംരക്ഷണ വകുപ്പുവഴി വായ്പാ സൗകര്യങ്ങൾ ലഭ്യമല്ല. എന്നിരുന്നാലും നബാർഡ് മാർഗ്ഗ നിർദ്ദേശപ്രകാരം തയ്യാറാക്കി ബാങ്കുകൾ വഴി സമർപ്പിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് നബാർഡ് മുഖേനയുള്ള വായ്പകൾക്കുള്ള സബ്സിഡികൾ ലഭിക്കുന്നതാണ്.

**മൃഗസംരക്ഷണ വകുപ്പിലെ കേന്ദ്ര പദ്ധതികൾ**

150 (2335) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 കേന്ദ്ര ബജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾക്കായി എത്ര രൂപ ലഭിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(ബി) 2017-18- ൽ അനുവദിച്ച തുകയിൽ ഇനിയും എത്ര തുകയാണ് ഓരോ പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ളത്;ലഭിച്ച തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഏതൊക്കെ പദ്ധതികൾക്കാണ് സംസ്ഥാനവിഹിതം നല്കാനുള്ളത്;

(സി) ഏതെല്ലാം പുതിയ പദ്ധതികളാണ് കേന്ദ്രത്തിൽ സമർപ്പിക്കാനുള്ളത്?

<u>ഉത്തരം</u>

(എ) മുൻവർഷങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അടിസ്ഥാനപ്പെടുത്തിയാൽ ഏകദേശം 8 മുതൽ 10 കോടി രൂപ വരെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 2017-18-ൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുക പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. ആദ്യഗഡു വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്.

(സി) പുതിയ പദ്ധതിയായ ബ്രോയിലർ കോഴിവളർത്തൽ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചുകഴിഞ്ഞു. മറ്റു പുതിയ പദ്ധതികൾ സമർപ്പിക്കുവാനില്ല.

**പാറശ്ശാല ഗ്രാമപഞ്ചായത്തിലെ ആടുവളർത്തൽ കേന്ദ്രത്തിന്റെ നവീകരണം**

151 (2336) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ആടുവളർത്തൽ കേന്ദ്രത്തിന്റെ നവീകരണത്തിനായി

LIBRARY ARCHIVES Kerala Legislative Assembly